തൃശ്ശൂർപൂരം തുടങ്ങിയ ഉത്സവങ്ങളുടെ വിശദാംശങ്ങൾ ടൂറിസം വകുപ്പ് പ്രസിദ്ധീകരിക്കുന്ന ലഘുലേഖകളിലും പരസ്യങ്ങളിലും ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു. ദേശീയ-അന്തർ ദേശീയ തലങ്ങളിൽ സംഘടിപ്പിക്കപ്പെടുന്ന ടൂറിസം മേളകളിൽ ടൂറിസം വകുപ്പ് പങ്കെടുക്കുകയും ഈ ഉത്സവങ്ങൾക്ക് പ്രചാരണം നൽകുകയും ചെയ്യുന്നുണ്ട്. ഇതുകൂടാതെ ആറാട്ടുപുഴ ഉത്സവം നടത്തിപ്പിലേക്കായി കഴിഞ്ഞ സാമ്പത്തികവർഷത്തിൽ ഒരു ലക്ഷം രൂപ സർക്കാർ നൽകിയിട്ടുണ്ട്.

116 (116) കേരളത്തിലെ അംഗീകൃത വിനോദ സഞ്ചാര കേന്ദ്രങ്ങൾ

ശ്രീ. എ. അലിഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ അംഗീകൃത വിനോദസഞ്ചാരകേന്ദ്രങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇവയിൽ ഏതെല്ലാം കേന്ദ്രങ്ങളുടെ വികസനത്തിനുവേണ്ടി എന്തെല്ലാം പദ്ധതികൾ നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) വർക്കലയുടെ വികസനത്തിനുവേണ്ടി എന്തെങ്കിലും പദ്ധതി നടപ്പാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) വർക്കലയിൽ നിലവിലുള്ള ഗസ്റ്റ് ഹൗസ് വികസിപ്പിക്കാനും നാലുക്കെട്ട് പരിസരപ്രദേശങ്ങളും പ്രയോജനപ്രദമാക്കി ടൂറിസവുമായി ബന്ധപ്പെട്ട പദ്ധതികൾ സർക്കാർ നേരിട്ടു നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേരളത്തിലെ അംഗീകൃത വിനോദസഞ്ചാര കേന്ദ്രങ്ങൾ താഴെപ്പറയുന്നവയാണ്.

1. തിരുവനന്തപുരം നഗരം
2. കോവളം
3. പൊൻമുടി
4. വർക്കല
5. കൊല്ലം
6. കുമരകം
7. തേക്കടി
8. മൂന്നാർ
9. ആലപ്പുഴ
10. കൊച്ചിനഗരം
11. ഗുരുവായൂർ
12. കോഴിക്കോട് നഗരം
13. കാലടി
14. ബേക്കൽ
15. പറമ്പിക്കുളം
16. നെല്ലിയാംപതി
17. മലമ്പുഴ
18. വയനാട്
19. കടലുണ്ടി
20. കാപ്പാട്

LIBRARY ARCHIVES Kerala Legislative Assembly

21. നിലമ്പൂർ
22. തെന്മല- പാലരുവി
23. മുഴുപ്പിലങ്ങാട്
24. ആലുവ

(ബി) മറുപടി അനുബന്ധമായി ചേർത്തിരിക്കുന്നു.+

(സി) വർക്കലയുടെ വികസനത്തിനുവേണ്ടി വർക്കല ബീച്ചിൽ ഫെൻസിംഗ്, ലൈറ്റിംഗ് എന്നിവ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. കൂടാതെ വർക്കല റെയിൽവേസ്റ്റേഷനിൽ ഒരു ടൂറിസ്റ്റ് ഇൻഫർമേഷൻ സെന്റർ ആരംഭിക്കുന്നതിനുവേണ്ടി റെയിൽവേ സ്ഥലം അനുവദിച്ചിട്ടുണ്ട്.

(ഡി) ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിൽ ഇല്ല.

117 (117) ഹൈറേഞ്ച് ഹിൽ സ്റ്റേഷനുകളുടെ വികസനം

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമ്പാശ്ശേരി അന്തർദേശീയ വിമാനത്താവളത്തിന്റെ സ്ഥാപനംമൂലം ടൂറിസ വ്യവസായത്തിന് പുരോഗതിയുണ്ടാവുമെന്ന് സർക്കാർ കരുതുന്നുണ്ടോ;

(ബി) എങ്കിൽ മൂന്നാർ, തേക്കടി, കട്ടപ്പന മുതലായ ഹൈറേഞ്ച് ഹിൽ സ്റ്റേഷനുകളുടെ വികസനത്തിനു വേണ്ടിയുള്ള പദ്ധതികൾ തയ്യാറാക്കുമോ;

(സി) ഹൈറേഞ്ചിലെ ടൂറിസ വ്യവസായ പുരോഗതിക്കുതകുന്ന എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി)&(സി) മൂന്നാർ, തേക്കടി തുടങ്ങിയ ഹിൽ സ്റ്റേഷനുകളിൽ ഇപ്പോൾതന്നെ വിനോദസഞ്ചാരികൾക്കായി ധാരാളം സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. മൂന്നാറിൽ 40 കോട്ടേജുകളുടെ പണി കെ.ടി.ഡി.സി.യുടെ ആഭിമുഖ്യത്തിൽ പൂർത്തിയായി വരുന്നുണ്ട്. മൂന്നാറിന്റെ സമഗ്ര വികസനത്തിനായി ഒരു രൂപരേഖ തയ്യാറാക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. ഹൈറേഞ്ചിൽ ടൂറിസം വ്യവസായം പുരോഗമിക്കുന്നതിനുള്ള എല്ലാവിധ ഏർപ്പാടുകളും പ്രോത്സാഹനവും ഗവൺമെന്റ് നൽകി വരുന്നുണ്ട്.

118 (118) കാപ്പിൽ പ്രദേശത്ത് ടൂറിസം

ശ്രീ. എ. അലിഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വികസിപ്പിക്കുന്നതിന്റെ ഭാഗമായി വർക്കല മണ്ഡലത്തിലെ കാപ്പിൽ പ്രദേശത്ത് എന്തൊക്കെ പരിപാടികളാണ് സർക്കാർ നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly